# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1214 — 10.08.2017 -ലെ മറുപടിയ്ക്ക്

**കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ ബി.എഡ് കോഴ്സിന്റെ പരീക്ഷ നടത്തിപ്പിലുള്ള കാലതാമസം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ. പ്രദീപ്കുമാർ | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ 2016-2018 ബാച്ചിലെ ബി.എഡ് കോഴ്സിന്റെ ഏപ്രിൽ മാസം നടക്കേണ്ട 2- ാം സെമസ്റ്റർ പരീക്ഷയും കഴിഞ്ഞ ബാച്ചിലെ നാലാം സെമസ്റ്റർ പരീക്ഷയും ഇതുവരെ നടത്തിയിട്ടില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നറിയിക്കുമോ; | (എ) (ബി) & (സി) | അംഗീകൃത പരീക്ഷ കലണ്ടർ പ്രകാരം രണ്ടാം സെമസ്റ്റർ ബി.എഡ്. പരീക്ഷ ഏപ്രിൽ മാസത്തിലല്ല നടക്കേണ്ടത്. അംഗീകൃത പരീക്ഷാ കലണ്ടർ അനുസരിച്ച് രണ്ടും നാലും സെമസ്റ്റർ ബി.എഡ് ക്ലാസ് ആരംഭിക്കുന്നത് 03.01.2017 ലും അവസാനിക്കുന്നത് 30.06.2017 ലും ആണ്. നാലാം സെമസ്റ്റർ പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് രണ്ടാം സെമസ്റ്ററിലെ പേപ്പറുകൾക്ക് സപ്ലിമെന്ററി പരീക്ഷ ഉണ്ടാകാനിടയുണ്ട്. ആയതിനാൽ നാലാം സെമസ്റ്റർ പരീക്ഷ കഴിഞ്ഞതിനുശേഷം മാത്രമേ രണ്ടാം സെമസ്റ്റർ പരീക്ഷ നടത്തുവാൻ പറ്റുമായിരുന്നുള്ളൂ. അതുപ്രകാരം നാലാം സെമസ്റ്റർ പരീക്ഷ ജൂലൈ 31 ന് അവസാനിക്കുകയും രണ്ടാം സെമസ്റ്റർ പരീക്ഷ ആഗസ്റ്റ് എട്ടാം തീയതി ആരംഭിക്കുന്നതുമാണ്. ഇപ്രകാരം പരീക്ഷ നടത്തിയതുകൊണ്ട് വിദ്യാർത്ഥികൾക്ക് മൂന്ന് അധ്യയന വർഷങ്ങൾ ചെലവഴിക്കേണ്ടിവരികയോ ഉപരിപഠനം വൈകുകയോ ചെയ്യുകയില്ല. |
| (ബി) | ഇതുകാരണം കഴിഞ്ഞ വർഷത്തെ ബാച്ചിന് മൂന്ന് അദ്ധ്യയന വർഷങ്ങൾ പഠനത്തിന് ചെലവഴിക്കേണ്ടിവന്നതും, വിദ്യാർത്ഥികളുടെ ഉപരിപഠനം വൈകിയതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (സി) | എങ്കിൽ ആയതിനുത്തരവാദികൾ ആയവർക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ